
IMMORTAL LIFE GOD'S MINISTRY

# വയൽ ശബ്ദം

Reach Gospel to Unreached People

Issue - 1 Published by : IMMORTAL LIFE BIBLE COLLEGE JANUARY 2021

......... നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും......
(യോഹന്നാൻ 4:35)



## EDITORIAL BOARD

**PATRON / CHAIRMAN**
Pr. Aju Mathews Jacob

**MISSION ADVISORS**
Pr. Yohannan George
Pr. Abraham Philip
Pr. Godly B. Koruth
Pr. George Daniel

**MISSION ORGANIZERS**
Pr. John Thomas
Evg. Mathew Kallada

**CHIEF EDITOR**
Pr. James K. Mathew

**ASSOCIATE EDITORS**
Pr. Alosious T. P.
Pr. Sunil Surendran
Pr. Lowrance

**ADVISORY BOARD**
Pr. Mathew Thomas
Pr. Bijumon Pappachan
Pr. Arun Raj
Pr. Jinu P. George
Pr. Prakesh George
Evg. Geo Joseph
Evg. George P. Abraham
Evg. Sebastian K. Varghese
Evg. Monachan Varghese
Evg. Philip K. Chacko


**പാസ്റ്റർ അജു മാത്യൂസ് ജേക്കബ്**

## വയൽ ശബ്ദം ..... ഒരു തുടക്കം

ആകയാൽ നിങ്ങൾ പുറപ്പെട്ടു, .......... (മത്തായി 28:19) എന്ന യേശുകർത്താവിന്റെ വാക്കുകൾ അനുസരിക്കുന്ന സുവിശേഷ വേലക്കാരൻ അവരുടെ ആത്മീക ദർശനം പൂർത്തീകരിക്കുവാൻ പരിശ്രമിക്കുന്നു. ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡിന്റെ ഈ ദർശനമാണ് ഭാരതത്തിന്റെ തലസ്ഥാന നഗരിയിലും സുവിശേഷം എത്തിപ്പെടാത്ത വടക്കേ ഇന്ത്യയിലെ ജാർഖണ്ഡ് എന്ന സംസ്ഥാനത്ത് ദുംക ജില്ലയിലെ അഞ്ച് ഗ്രാമങ്ങളിലും കേരളത്തിൽ ഇടുക്കി ജില്ലയിൽ (തോട്ടം തൊഴിലാളികൾ പാർക്കുന്ന ഇടം) വാഗമൺ, പാമ്പനാർ എന്നീ സ്ഥലങ്ങളിലുമാണ് പ്രവ ർത്തനം നടത്തിവരുന്നത്.

2021 ജനുവരി മുതൽ സുവിശേഷ വേലസ്ഥലങ്ങളിലെ പ്രവർത്തനങ്ങളെയും അനുഭവങ്ങളെയും ഉൾപ്പെടുത്തി **വയൽ ശബ്ദം** എന്ന പേരിൽ ന്യൂസ് ലെറ്റർ ദൈവകൃപയിൽ ആശ്രയിച്ച് എല്ലാമാസവും നിങ്ങൾക്കായി പ്രസിദ്ധീകരിക്കുന്നു.

ഈ വേലസ്ഥലങ്ങളെയും ശുശ്രൂഷകന്മാരെയും ദൈവമക്കളെയും വഹിച്ചു നമുക്ക് പ്രാർത്ഥിക്കാം. ദൈവം നമ്മെ എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ....

## എഡിറ്റോറിയൽ

ചീഫ് എഡിറ്റർ : **പാസ്റ്റർ ജെയിംസ് കെ. മാത്യു, ഡൽഹി**

## പുതുവർഷം ഒരു വിലയിരുത്തൽ

പുതിയ വർഷത്തിലേക്ക് പ്രവേശിക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിച്ചു. 2020 നമ്മെ വിട്ടു കടന്നുപോയി, ചരിത്രത്തിലെ കറുത്ത പാടായി എന്നും ഓർക്കുന്ന വർഷമാണ് 2020. ഇന്നു ലോകം നേരിടുന്ന വലിയ വിപത്താണ് മഹാ വ്യാധിയായി പടരുന്ന “കോവിഡ് -19” എന്ന നാമകരണം ചെയ്ത കൊറോണ. ലക്ഷക്കണക്കിനാളുകൾ ഇതിന്റെ ഇരയായി. ഇതു മൂലം അനേകായിരങ്ങൾ ലോകത്തിൽ നിന്നും തുടച്ചു നീക്കപ്പെട്ടു.

ഒന്നിലും സ്പർശിക്കുവാൻ കഴിയാത്ത ഒരു വല്ലാത്ത അവസ്ഥയിലാണ് ജനങ്ങൾ, മാർക്കറ്റുകളും, മാളുകളും, വിനോദ സഞ്ചാര കേന്ദ്രങ്ങളും, സ്കൂളുകളും, കോളേജുകളും 2020-ൽ അടഞ്ഞുകിടന്നു. സഭാകൂടിവരവുകളും, കൺവൻഷനുകളും, ആരാധനാ യോഗങ്ങളും ഓൺലൈനിലേക്ക് വഴിമാറി.

പുതിയ വർഷത്തിലേക്ക് പ്രവേശിച്ച ഇടവേളയിൽ ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡിനു ദൈവം കൊടുത്ത ദർശന പ്രകാരം യാതൊരു പ്രവർത്തനങ്ങൾ ഇല്ലാത്തതും, സുവിശേഷം ഒരിക്കൽപ്പോലും കേട്ടിട്ടില്ലാത്ത ജാർഖണ്ഡിലെ

(തുടർച്ച് ....... 6-ാം പേജിൽ)

# മിഷൻ ഫീൽഡ് വാർത്തകൾ

## ഡൽഹി

### വികാസ് നഗർ, തിലക് നഗർ, രമേശ് നഗർ എന്നീ സഭകളുടെ പ്രവർത്തനങ്ങളെക്കുറിച്ച്

ഭാരതത്തിന്റെ തലസ്ഥാന നഗരിയായ ഡൽഹിയിൽ വികാസ് നഗർ, തിലക് നഗർ, രമേശ് നഗർ എന്നീ സ്ഥലങ്ങളിൽ പാവപ്പെട്ടവരും, സാധാരണക്കാരുമായ ആളുകൾക്ക് വേണ്ടി നടത്തിവരുന്ന പ്രവർത്തനങ്ങൾ ആണ്. വികാസ് നഗറിൽ എല്ലാ ഞായറാഴ്ചകളിലും രാവിലെ 9.30 മുതൽ 11.30 വരെ സഭായോഗങ്ങളും സണ്ടേസ്കൂളുകളും നടത്തിവരുന്നു. തിലക് നഗറിൽ എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 4.00 മുതൽ 6.00 വരെ സഭായോഗങ്ങളും സണ്ടേസ്കൂളുകളും നടത്തിവരുന്നു. എല്ലാ സഭകളെയും ഉൾപ്പെടുത്തി എല്ലാ ബുധനാഴ്ചകളിലും ഭവന പ്രാർത്ഥനയും, എല്ലാ വെള്ളിയാഴ്ചകളിലും ഉപവാസ പ്രാർത്ഥനയും വികാസ് നഗർ സഭയിൽ നടത്തിവരുന്നു. എല്ലാ മാസത്തിന്റെയും അവസാന വെള്ളി, ശനി ദിവസങ്ങളിൽ ഉപവാസ പ്രാർത്ഥനകളും നടന്നുവരുന്നു. പുതുതായി ആരംഭിച്ച വേലസ്ഥലമായ രമേശ് നഗറിൽ എല്ലാ വ്യാഴാഴ്ചകളിലും 2.30 മുതൽ 4.30 വരെ പ്രത്യേക പ്രാർത്ഥന നടത്തിവരുന്നു. പാസ്റ്റർ അലോഷ്യസ് ഡൽഹിയിലെ ദൈവസഭകളുടെ ശുശ്രൂഷകനായി പ്രവർത്തിച്ചു വരുന്നു. ഹിന്ദി ഭാഷയിൽ ആണ് ആരാധനകൾ നടന്നുവരുന്നത്.



*ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡ് വികാസ് നഗർ സഭായോഗം; സഭാ ശുശ്രൂഷകൻ പാസ്റ്റർ അലോഷ്യസ് ശുശ്രൂഷിക്കുന്നു*

## ജാർഖണ്ഡ്

### ദുംഖ ജില്ലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങളെ കുറിച്ച്

ഇന്ത്യമഹാരാജ്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമാണ് ജാർഖണ്ഡ്. സുവിശേഷം ഒരിക്കൽപ്പോലും കേട്ടിട്ടില്ലാത്ത അനേകം ഗ്രാമങ്ങൾ ഇവിടുണ്ട്. ദൈവകൃപയിലാശ്രയിച്ച് പീപ്ര, ചിഹാർബന്നി, നച്ചങ്കരിയ, പ്രാൻ ചോക്ക്, കിൻ-കിനാരി എന്നീ അഞ്ച് ഗ്രാമങ്ങളിൽ സുവിശേഷപ്രവർത്തനങ്ങൾ നടത്തിവരുന്നു.

എല്ലാ ഞായറാഴ്ചയും സഭായോഗവും, ബൈബിൾ സ്റ്റഡിയും നടന്നു വരുന്നു. ആഴ്ചയിൽ രണ്ട് ദിവസം വീടുവീടാന്തരം കയറി ഇറങ്ങി സുവിശേഷം അറിയിച്ചുവരുന്നു. വരും ദിവസങ്ങളിൽ സണ്ടേസ്കൂൾ ആരംഭിക്കുവാൻ ക്രമീകരണങ്ങൾ ചെയ്തു. സഭായോഗങ്ങൾ ഭവനങ്ങളിലാണ് നടന്നുവരുന്നത്.



*ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡ് പീപ്ര സഭായോഗം; സഭാ ശുശ്രൂഷകൻ പാസ്റ്റർ സുനിൽ സുരേന്ദ്രൻ ശുശ്രൂഷിക്കുന്നു.*

ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡ് ചിഹർ ബന്നി സഭാ വിശ്വാസികൾ; സഭാ ശുശ്രൂഷകൻ പാസ്റ്റർ പോൾസിലാസ് മറൻടിയോടൊപ്പം





ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡ് നച്ചങ്കരിയ സഭായോഗം; സഭാ ശുശ്രൂഷകൻ പാസ്റ്റർ ഗോപിൻ മുർമു ശുശ്രൂഷിക്കുന്നു

ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡ് കിൻ-കിനാരി സഭാ വിശ്വാസികൾ; സഭാ ശുശ്രൂഷകൻ പാസ്റ്റർ സങ്കാൻ ഹസ്ടക്കൊപ്പം





ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡ് പ്രാൻ ചോക്ക് സഭാ വിശ്വാസികൾ; സഭാ ശുശ്രൂഷകൻ പാസ്റ്റർ ധനേശ്വർ മുർമുവിനോടൊപ്പം

# കേരളം

### ഇടുക്കി ജില്ലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച്

കേരളത്തിലെ മലയോര മേഖലയും, വിനോദസഞ്ചാര കേന്ദ്രവുമായ ഇടുക്കി ജില്ലയിലെ വാഗമണ്ണിലും പാമ്പനാറിലുമായി പ്രവർത്തനം നടന്നുവരുന്നു. തോട്ടം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലകൾ ആണിത്. ഇവിടെ പ്രവർത്തനം ആരംഭിച്ചതിന്റെ ഫലമായി അനേകർ ദൈവത്തെ കണ്ടുമുട്ടുവാനും, കൂട്ടായ്മയിൽ പങ്കെടുക്കുവാനും ഇടയായി. നാനാ മതസ്ഥർ തിങ്ങിപ്പാർക്കുന്ന ഇവിടെ പരസ്യ യോഗങ്ങളും, ലഘുലേഖവിതരണങ്ങളും, ബൈബിൾ ക്ലാസുകളും നടന്നു വരുന്നു.

#### വാഗമൺ സഭ

എല്ലാ ഞായറാഴ്ചകളിലും വാഗമൺ സഭയിൽ 09.30 മുതൽ 11.30 വരെ സഭായോഗം നടന്നുവരുന്നു. സഭാ ശുശ്രൂഷകനായി പാസ്റ്റർ ബെനഡിക്റ്റ് കുടുംബമായി ശുശ്രൂഷിക്കുന്നു.

#### പാമ്പനാർ സഭ

എല്ലാ ഞായറാഴ്ചകളിലും വാഗമൺ സഭയിൽ 09.30 മുതൽ 11.30 വരെ സഭായോഗം നടന്നുവരുന്നു. സഭാ ശുശ്രൂഷകനായി പാസ്റ്റർ ലോറൻസ് കുടുംബമായി ശുശ്രൂഷിക്കുന്നു.



ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡ് വാഗമൺ സഭാ വിശ്വാസികൾ; സഭാ ശുശ്രൂഷകൻ പാസ്റ്റർ ബനഡിക്റ്റ്, പാസ്റ്റർ അജു മാത്യൂസ് ജേക്കബ്, പാസ്റ്റർ ജെയിംസ് കെ. മാത്യു എന്നിവരോടൊപ്പം.



ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡ് പാമ്പനാർ സഭാ വിശ്വാസികൾ; സഭാ ശുശ്രൂഷകൻ പാസ്റ്റർ ലോറൻസിനോടൊപ്പം.

(2-ാം പേജ് തുടർച്ച....)

ദുംക ജില്ലയിലെ ഗ്രാമങ്ങളിൽ അഞ്ചു പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കൃപയാൽ ദൈവം സഹായിച്ചു.

അതു കൂടാതെ ഡൽഹിയിൽ സാധാരണക്കാർ തിങ്ങിപ്പാർക്കുന്നിടത്ത് മൂന്ന് വേലസ്ഥലങ്ങൾ ആരംഭിക്കുവാൻ ഇടയായിത്തീർന്നു.

കേരളത്തിലെ ഇടുക്കി ജില്ലയിലെ പാമ്പാനാറും, വാഗമണ്ണിലും, നാനാ ജാതി മതസ്ഥരായ തോട്ടം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഇടത്ത് ദൈവകൃപയിലാശ്രയിച്ച് പ്രവർത്തനങ്ങൾ അനുഗ്രഹകരമായി മുമ്പോട്ട് പോകുന്നു.

വളരെ പ്രതിസന്ധികളിലൂടെ ലോകം മുൻപോട്ട് പോകുന്ന ഈ കാലയളവിൽ, പ്രതീക്ഷിക്കാത്ത സംഭവ വികാസങ്ങളും, വെല്ലുവിളികളും നിറഞ്ഞു നിൽക്കുന്ന കാലഘട്ടത്തിൽ ദൈവീക ദർശനത്തിൽ ഉറച്ചു നിന്ന് മുമ്പോട്ടു പോകുന്നതിനുവേണ്ടി എല്ലാ പ്രിയപ്പെട്ടവരുടെയും പ്രാർത്ഥനയും സഹകരണങ്ങളും അപേക്ഷിച്ചുകൊള്ളുന്നു.

പുതിയ വർഷത്തിൽ കർത്താവിനുവേണ്ടി വളരെ കൂടുതൽ ചെയ്യുവാൻ സമർപ്പിക്കുന്നതിനോടൊപ്പം നമ്മുടെ കർത്താവിനെ എതിരേൽപ്പാൻ ഒരുങ്ങാം. എല്ലാ പ്രാർത്ഥ നാ സഹകാരികൾക്കും പുതുവർഷാശംകൾ നേരുന്നു.

......... നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും...... (യോഹന്നാൻ 4:35)



ദുംക ജില്ലയിലെ ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡ് ചിഹർ ബന്നി സഭയിൽവച്ച് നടന്ന പാസ്റ്റേഴ്സ് മീറ്റിംങ്.





ദുംക ജില്ലയിലെ ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡ് നച്ചകരിയ സഭയിലെ സ്നാന ശുശ്രൂഷ പാസ്റ്റർ സുനിൽ സുരേന്ദ്രൻ നിർവ്വഹിക്കുന്നു



ദുംക ജില്ലയിലെ ഇമ്മോർട്ടൽ ലൈഫ് ചർച്ച് ഓഫ് ഗോഡ് കിൻ-കിനാരി സഭയിലെ ആരാധനയിൽ നിന്നും

**IMMORTAL LIFE CHURCH OF GOD**
**Pampady P.O., Kottayam, Kerala, India - 686502**
**Ph: 9544322533**
**www.ilbcglobal.org**